# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 2266 0358

സെപ്തംബർ 07, 2017

**ആൾവാർ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ്, ആൾവാറി (രാജസ്ഥാൻ) നെതിരെ, 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 35A- യും ഒപ്പം സെക്ഷൻ 56-ാം പ്രകാരമുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ.**

1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 35A, സബ്സെക്ഷൻ (1)-ാം ഒപ്പം സെക്ഷൻ 56-ാം പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (ആർബിഐ) യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ച്, ആൾവാറി (രാജസ്ഥാൻ) ലെ, ആൾവാർ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണ നിർദ്ദേശങ്ങളുടെ പ്രയോഗകാലാവധി, പൊതുജന താല്പര്യപ്രകാരം ദീർഘിപ്പിക്കേണ്ടതാണെന്ന് ആർബിഐയ്ക്ക് ബോദ്ധ്യം വന്നിട്ടുള്ളതായി, ഇതിനാൽ പൊതുജനങ്ങളെ അറിയിക്കുന്നു. 2017 മാർച്ച് 1-ാം തീയതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ, 2017 സെപ്തംബർ 8-ാം തീയതി മുതൽ 2018 മാർച്ച് 7-ാം തീതയിവരെ ആറുമാസക്കാലത്തേയ്ക്കുകൂടി, പുനരവലോകനത്തിനുവിധേയമായി, 2017 സെപ്തംബർ 1-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു പ്രകാരം നീട്ടിയിരിക്കുന്നു.

മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവിലെ മറ്റ് വ്യവസ്ഥകളും നിബന്ധനകളും മാറ്റമില്ലാതെ തുടരും.

**പ്രസ്സ് റിലീസ് 2017-2018/663** **അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസർ